(1)	(2)
ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം	47,22,407
രാജാരവിവർമ്മ സ്മാരകം	73,76,658
രാജാരവിവർമ്മ സ്മൃതിമണ്ഡപം	14,92,055
രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി	28,34,500
കൊടുങ്ങല്ലൂർ മാധവമേനോൻ സ്മാരക ആർട്ട് ഗ്യാലറി	7,42,344
വട്ടിയൂർക്കാവ് സ്വാതന്ത്ര്യസമര ചരിത്ര സ്മാരകം	1,75,00,000
വൈക്കം സത്യാഗ്രഹ മ്യൂസിയം, ഗാന്ധിപ്രതിമ	75,00,000

(ഡി) സ്മരിക്കപ്പെടേണ്ട വ്യക്തികളുടെയും സ്ഥലങ്ങളുടെയും സംഭവങ്ങളുടെയും മേഖലയ്ക്ക് സജീവത നൽകംവിധമാണ് സ്മാരകങ്ങൾ നിർമ്മിച്ചു വരുന്നത്. ഇന്ത്യയിലെ വിശ്രുത ചിത്രകാരനായിരുന്ന രാജാരവിവർമ്മയുടെ സ്മരണാർത്ഥം ജന്മനാടായ കിളിമാനൂരിൽ ഒരുക്കിയ സ്മാരകത്തിൽ രവിവർമ്മയുടെ ചിത്രപ്പകർപ്പുകളാണ് പ്രദർശിപ്പിക്കുന്നത്. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മാരകമായി സ്ഥാപിച്ച കായംകുളം കൃഷ്ണപുരം കാർട്ടൺ മ്യൂസിയത്തിൽ ശങ്കറിന്റെ രചനകളും അദ്ദേഹം സർഗ്ഗസൃഷ്ടിക്ക് ഉപയോഗിച്ച രചനാസാമഗ്രികളും പ്രദർശിപ്പിച്ചിട്ടുണ്ട്. ആധുനിക ചിത്രകലാകാരനായ മാധവ മേനോന്റെ സ്മരണാർത്ഥം കൊടുങ്ങല്ലൂരിൽ നിർമ്മിച്ച ആർട്ട് ഗ്യാലറിയിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ആർക്കൈവൽ ക്വാളിറ്റിയിൽ പ്രിന്റ് ചെയ്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻനവോത്ഥാന സമര ചരിത്രത്തിലെ നിർണ്ണായക സമരമായ 1924-ലെ വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണകൾ പുതുതലമുറകളിലേക്ക് പകരുന്നതിനായി സമകാലീന രീതിയിൽ രൂപകൽപ്പനചെയ്ത ശിൽപ്പങ്ങളാണ് വൈക്കം സത്യാഗ്രഹസ്മൃതി ശിൽപ ഉദ്യാനത്തിൽ ഉള്ളത്.

കാഞ്ഞങ്ങാടിലെ മടിയൻ കലോം ക്ഷേത്രത്തിലെ ശിലപ്പങ്ങൾ

84 (4119) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിയൻ കലോം ക്ഷേത്രത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ദാരുശിൽപ്പങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശില്പങ്ങൾക്ക് എത്ര വർഷം പഴക്കമുണ്ടെന്നും അതിന്റെ ചരിത്ര പ്രാധാന്യം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശില്പങ്ങളുടെ പഴക്കം ശാസ്ത്രീയമായി കണക്കാക്കിയിട്ടില്ല. പ്രസ്തുത കോവിലകത്തിന് 500 വർഷത്തിന് മുമ്പുള്ള പഴക്കം വരുമെന്ന് കരുതപ്പെടുന്നു. അതിപുരാതന ദ്രാവിഡാചാര കേന്ദ്രമായിരുന്ന കാളരാത്രിക്കാവാണ് ഇന്നത്തെ കോവിലകം എന്നറിയപ്പെടുന്ന മടിയൻ കലോം ക്ഷേത്രം.

(സി) ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ

85 (4120) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ-സി) ഉണ്ട്. സാംസ്കാരികവകുപ്പദ്ധ്യക്ഷൻ മുഖാന്തിരം അൻപത് വയസ്സിനുമേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാരികൾക്കും പ്രതിമാസം 750 രൂപാ നിരക്കിൽ കലാകാര പെൻഷൻ നല്കിവരുന്നു. കൂടാതെ വിവിധ അസുഖങ്ങൾമൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും

LIBRARY.ARCHIVES Kerala Legislative Assembly